LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

37 (2135) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ ജലവിഭവ വകുപ്പിന്റെ ഏതൊക്കെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നതിന്റെ താലൂക്കടിസ്ഥാനത്തിലുള്ള വിവരങ്ങളും അടങ്കൽ തുകയും ലഭ്യമാക്കുമോ ;

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയായി എന്നും പൂർത്തിയാകാത്തവയുടെ ഇപ്പോഴത്തെ അവസ്ഥയും ഇവ ഓരോന്നിനും ഇതുവരെ ചെലവായ തുകയും വെളിപ്പെടുത്തുമോ ;

(സി) പൂർത്തിയാകാനുള്ള പദ്ധതികളുടെ പണികൾ ഇപ്പോഴത്തെ സാഹചര്യത്തിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വയനാട് ജില്ലയിലെ ഏതെങ്കിലും പദ്ധതികൾക്ക് ഇനി ഭരണാനുമതി നൽകാനുണ്ടോ ; എങ്കിൽ ആയതിന്റെ പുരോഗതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

കുറ്റ്യാടിയിൽ വീടുകൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

38 (2136) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ജലസേചന പദ്ധതി റിസർവോയറിലെ അധിക ജല പ്രവാഹംമൂലം വീടുകൾ നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇവർക്ക് പകരം ഭൂമി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) വീടുകൾ നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വീടുകൾ നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ കുറ്റ്യാടി ജലസേചന വകുപ്പിന്റെ കൈവശമുള്ള കുറ്റ്യാടിയിൽ പ്രദേശത്തെ സ്ഥലം വിട്ടുകൊടുത്തുകൊണ്ടുള്ള സമ്മതപത്രം ഇറിഗേഷൻ വകുപ്പ് കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഭൂമി പ്ലോട്ടുകളായി തിരിച്ചിട്ടുണ്ട്.